"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് കണ്ണാടി ഹൈസ്കൂളിലെ ഫുൾടൈം മീനിയൽ ശ്രീ.അതുൽ ആർ.ന്റെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.456/2026/GEDN തീയതി,തിരുവനന്തപുരം, 17-01-2026

പരാമർശം:- 1. മാനേജരുടെ 11.09.2025 തീയതിയിലെ റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/10/2025 തീയതിയിലെ ഇഎം1/21079/2025/ഡിജിഇ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് കണ്ണാടി ഹൈസ്കൂളിലെ ഫുൾടൈം മീനിയൽ ശ്രീ.അതുൽ ആർ.ന്റെ 23.09.2024 മുതലുള്ള ശമ്പള സ്കെയിലിലെ നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ പരാമർശം 1 പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ടവരെ 23.10.2025ന് നേരിൽ കേട്ടു.

3. മാനേജരുടെ വാദങ്ങൾ ഇപ്രകാരമാണ്.

കണ്ണാടി ഹൈസ്കൂളിലെ എഫ്.ടി.എം. ആയ ശ്രീ. വിഷ്ണുദാസനെ 01/06/2024 മുതൽ ഓഫിസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്ക് ശ്രീ. അതുൽ ആർ.-നെ 23/09/2024 മുതൽ എഫ്.ടി.എം. ആയി നിയമിക്കുകയും ആയത് നിലവിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഭിന്നശേഷി സംവരണം സംബന്ധിച്ച് കോടതികളിലുള്ള കേസുകളുടെ അന്തിമവിധിക്ക് വിധേയമായും ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് പുനഃക്രമീകരിക്കേണ്ടതാണെന്ന വ്യവസ്ഥയോടെയും ദിവസവേതന അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നല്കുകയും ചെയ്തു.എന്നാൽ എംപ്ലോയ്മെന്റ് ഓഫീസർ ശുപാർശ ചെയ്ത ഭിന്നശേഷി ഉദ്യോഗാർത്ഥി ശ്രീമതി ജനീഫ ജെ.യെ എച്ച്.എസ്.ടി (എൻ.എസ്) തസ്തികയിൽ നിയമിച്ചിട്ടുണ്ട് എന്നും രണ്ടു എച്ച്.എസ്.എസ്.ടി. തസ്തികകൾ ഭിന്നശേഷി നിയമനത്തിനായി മാറ്റി വച്ചിട്ടുണ്ട് എന്നും ആയതിനാൽ നായർ സർവീസ് സൊസൈറ്റിക്ക് ബഹു: സുപ്രീം കോടതിയിൽ നിന്നും ലഭ്യമായ വിധി (എസ്.എൽ.പി. (സി) 11373/2024) തങ്ങൾക്കുകൂടി ബാധകമാണ് എന്നും ശ്രീ.അതുൽ ആർ.ന്റെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കണം എന്നതാണ് മാനേജരുടെ അപേക്ഷ.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

4.1. സർക്കാർ കത്ത് നം. ജെ.ആർ-1/502/2023/പൊ.വി.വ. തീയതി 01/11/2023 പ്രകാരം ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട റോസ്റ്റർ സമർപ്പിച്ചിട്ടില്ലെങ്കിൽ പോലും, നടത്തിയ നിയമനങ്ങൾക്ക് ദിവസവേതന അടിസ്ഥാനത്തിൽ അംഗീകാരം നൽകാമെന്ന് ഉത്തരവായിരുന്നു. ആയത് പ്രകാരമാണ് ശ്രീ.അതുൽ ആർ.-ന്റെ 23/09/2024 മുതലുള്ള എഫ്.ടി.എം. തസ്തികയിലെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുള്ളത്. യഥാസമയം കോർപ്പറേറ്റ് മാനേജർ സമർപ്പിക്കേണ്ടതായ രേഖകൾ സമർപ്പിക്കാതെയാണ് സർക്കാരിലേക്ക് റിവിഷൻ ഹർജ്ജി സമർപ്പിച്ചിട്ടുള്ളത്. ടി സ്കൂളിന്റെ ഭിന്നശേഷി സംവരണം സംബന്ധിച്ചുള്ള വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല. നായർ സർവീസ് സൊസൈറ്റിക്ക് ബഹു: സുപ്രീം കോടതിയിൽ നിന്നും ലഭ്യമായ വിധി (എസ്.എൽ.പി.(സി) 11373/2024) മറ്റു മാനേജ്മെന്റുകൾക്ക് ബാധകമല്ല എന്ന് ജെ.ആർ.1/151/2025 തീയതി 21/04/2025 പ്രകാരം സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുള്ളതാണ്. ആയതിനാൽ നിലവിലെ ചട്ടങ്ങൾ പ്രകാരം മാനേജരുടെ ആവശ്യം അംഗീകരിക്കുവാൻ കഴിയില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ടി സ്കൂളിൽ Category 3 ൽഭിന്നശേഷി ഉദ്യോഗാർഥിയെ നിയമിച്ചിട്ടില്ല എന്ന് കാണുന്നു. റോസ്റ്റർ പ്രകാരമുള്ള എണ്ണം ഭിന്നശേഷി നിയമനം നടത്തുന്ന മുറക്ക് ശമ്പള സ്കെയിലിൽ അംഗീകരിക്കാവുന്നതാണ്. ബഹു.സുപ്രീം കോടതി മുമ്പാകെ നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത എസ്.എൽ.പി (സി) നം. 11373/2024 നമ്പർ ഹർജിയിൽ 04.03.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം, ഭിന്ന ശേഷി നിയമനത്തിനായി ബഹു. കോടതി നിർദേശങ്ങൾക്കനുസൃതമായി ആവശ്യമായ തസ്തികകൾ നീക്കി വെച്ചിട്ടുള്ള മറ്റ് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്ക് കൂടി ബാധകമാക്കുന്നതിനു അനുമതി തേടുന്നതിനായി സർക്കാർ ബഹു.സുപ്രീം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്മേൽ ബഹു. സുപ്രീംകോടതിയുടെ ഉത്തരവ് വന്നതിനു ശേഷമേ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാനാകൂ.

6. മേൽ സാഹചര്യത്തിൽ കണ്ണാടി ഹൈസ്കൂളിലെ എഫ്.ടി.എം. ആയ ശ്രീ. വിഷ്ണുദാസനെ 01/06/2024 മുതൽ ഓഫിസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്ക് ശ്രീ.അതുൽ ആർ.ന്റെ 23/09/2024 മുതലുള്ള നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കണം എന്ന ആവശ്യം നിരസിച്ച് അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

മാനേജർ, കണ്ണാടി ഹൈസ്കൂൾ, കണ്ണാടി, പാലക്കാട്

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 17-01-2026 13:50:27

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.